**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3001** **07-10-2025 - ൽ മറുപടിയ്ക്ക്**

**ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയ്ഞ്ചിൽ 2019 - 2020, 2020 - 2021 എന്നീ വർഷങ്ങളിൽ ജണ്ട നിർമ്മാണത്തിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സർക്കാരിനുണ്ടായ നഷ്ടം എത്രയാണെന്നാണ് വനം വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയതെന്ന് വെളിപ്പെടുത്താമോ; | (എ) | തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റേഞ്ചിൽ 2019-20, 2020-21 വർഷങ്ങളിൽ ജണ്ട നിർമ്മാണം നടത്തിയതിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്.<br><br>സർക്കാരിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | വനം വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയ നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവരിൽ നിന്നും നഷ്ടം ഈടാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്;<br><br>ജണ്ട നിർമ്മാണം നടത്തിയതിലെ ക്രമക്കേട് കാരണം സർക്കാരിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഷയത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരിൽ ആർക്കെങ്കിലും പെൻഷൻ നൽകിയിട്ടുണ്ടോ; പെൻഷൻ പറ്റിയവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ബാധ്യതാരഹിത / ബാധ്യത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്താമോ? | (സി) | ഉണ്ട്.<br><br>1.ശ്രീ.കെ.ഐ പ്രദീപ്കുമാർ ഐ എഫ് എസ് -ൽ നിന്നും 08-08-2023 ജി. ഒ (പി) നമ്പർ 46/2023/ ഫിൻ- ൽ നിഷ്കർഷിച്ചിട്ടുള്ള അനക്സർ -2 (a) പ്രകാരമുള്ള സമ്മതപത്രം (on Stamp paper of denomination Rs.200/-) ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 17-09-2025-ലെ AIS-B1/63/2025-GAD പ്രകാരം നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസർക്ക് നൽകിയിട്ടുണ്ട്.<br><br>2. സർക്കാർ നഷ്ടം തിട്ടപ്പെടുത്തുന്ന മുറയ്ക്ക് കണ്ടെത്തുന്ന ബാധ്യത ഒടുക്കിക്കൊള്ളാം എന്നുള്ള സാക്ഷ്യപത്രം ശ്രീ. ബാലചന്ദ്രൻ നായർ നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാന് നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | 3. ശ്രീ ബിന്ദുരാജ് എൻ നും, ശ്രീ. കെ ജി. അജയകുമാറിനും നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ